**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 2

## വാർത്താക്കുറിപ്പ്

---

## എം.ജി. ബിരുദാനന്തര ബിരുദ / ബി.എഡ്. ഏകജാലകം: സാധ്യതാ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

എം.ജി. സർവ്വകലാശാല ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിന് അപേക്ഷിച്ചവർക്ക് അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിനും ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുന:ക്രമീകരിക്കുന്നതിനുമുള്ള അവസരം ആഗസ്റ്റ് ആറിന് വൈകിട്ട് അഞ്ച് മണി വരെ ലഭ്യമായിരിക്കും. അപേക്ഷകർ തങ്ങളുടെ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും അപ്‌ലോഡ് ചെയ്യാൻ വിട്ടു പോയിട്ടുണ്ടെങ്കിൽ സമയപരിധിക്കുള്ളിൽ ചെയ്യേണ്ടതുമാണ്. ഓൺലൈൻ അപേക്ഷയിൽ പിഴവുകൾ വരുത്തിയവരും മാർക്കുകൾ തെറ്റായി എന്റർ ചെയ്തവരും തെറ്റുകൾ തിരുത്തേണ്ടതാണ്.

പ്രോസ്പെക്ടസ് പ്രകാരമുള്ള സംവരണാനുകൂല്യത്തിന് ആവശ്യമായ സാക്ഷ്യപത്രങ്ങളാണ് നൽകിയിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവേശനം റദ്ദാക്കാൻ സാധ്യതയുള്ളതിനാൽ ഏവരും ഇക്കാര്യം പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്. പട്ടിക ജാതി / പട്ടിക വർഗ വിഭാഗത്തിൽപ്പെടുന്നവർ സംവരണാനുകൂല്യം തെളിയിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റും എസ്.ഇ.ബി.സി. / ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്നവർ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ഒരു ഫയലായി അപ്‌ലോഡ് ചെയ്യുകയോ ഇതിന് പകരമായി നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുകയോ ചെയ്യാം. ഇ.ഡബ്ല്യു.എസ്. വിഭാഗത്തിന്റെ ആനുകൂല്യം അവകാശപ്പെടുന്നവർ 'ഇൻകം ആൻഡ് അസ്സറ്റ്സ് സർട്ടിഫിക്കറ്റ്' ആണ് അപ്‌ലോഡ് ചെയ്യേണ്ടത്. സംവരണാനുകൂല്യം ആവശ്യമില്ലാത്ത പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് പൊതു വിഭാഗം സെലക്ട് ചെയ്യുകയോ വരുമാനം എട്ട് ലക്ഷത്തിൽ കൂടുതലായി നൽകിയ ശേഷം സംവരണം ആവശ്യമില്ല എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുകയോ ചെയ്യാവുന്നതാണ്.

എൻ.സി.സി. / എൻ.എസ്.എസ്. വിഭാഗങ്ങളിൽ ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ ബിരുദ തലത്തിലെ സാക്ഷ്യപത്രങ്ങളാണ് അപ്‌ലോഡ് ചെയ്യേണ്ടത്. വിമുക്തഭടൻ / ജവാൻ എന്നിവരുടെ ആശ്രിതർക്ക് ലഭ്യമാവുന്ന ബോണസ് മാർക്കിനായി ജില്ലാ സൈനികക്ഷേമ ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യണം. ഇതിനായി ആർമി /നേവി / എയർഫോഴ്സ് എന്നീ വിഭാഗങ്ങൾ മാത്രമേ പിരഗണിക്കുകയുള്ളൂ.

**നിലവിൽ അപേക്ഷിക്കാൻ കഴിയാതിരുന്നവർക്കും ആഗസ്റ്റ് ആറ് വൈകിട്ട് അഞ്ച് മണി വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.**

(പി.ആർ.ഒ./39/1053/2022)

## എം.ജി. ബി.എഡ്. / പി.ജി. ഏകജാലകം

സ്പോർട്ട്സ് / കൾച്ചറൽ /പി.ഡി. ക്വാട്ടകളിലേക്കുള്ള അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ കോളേജുകളുമായി ബന്ധപ്പെട്ട് പ്രവേശന സാധ്യത മനസ്സിലാക്കുകയും ആഗസ്റ്റ് മൂന്നിനകം പ്രവേശനം ഉറപ്പ് വരുത്തേ ണ്ടതുമാണ്.

(പി.ആർ.ഒ./39/1054/2022)

## ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി: എം.ജി. യിൽ സ്പെഷ്യൽ ഡ്രൈവ്

ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി സർവ്വകലാശാല ബിരുദ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഒരു 'സ്പെഷ്യൽ ഡ്രൈവ്' നടത്തുന്നു. പോരായ്മകളില്ലാത്ത ബിരുദ അപേക്ഷകളുടെ പെൻഡിംഗ് സ്റ്റാറ്റസ് നിലവിൽ നാമമാത്രമാണ്. ഈ സാഹചര്യത്തിലാണ് പോരായ്മ പരിഹരിക്കാത്തതിനാൽ പ്രോസസ് ചെയ്യാൻ കഴിയാത്ത അപേക്ഷകൾ തീർപ്പാക്കുന്നതിനായി 'സ്പെഷ്യൽ ഡ്രൈവ്'് പ്ലാൻ ചെയ്യുന്നത്. അപേക്ഷ സമർപ്പിച്ച് ആറു മാസത്തിലധികമായിട്ടും ബിരുദ സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തവർക്ക് വേണ്ടിയാണ് 'സ്പെഷ്യൽ ഡ്രൈവ്'് നടത്തുന്നത്. അപേക്ഷകർക്ക് സർവ്വകലാശാല വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഗൂഗിൾ ഫോം വഴി ആഗസ്റ്റ് ഒൻപത് വരെ വിവരങ്ങൾ സമർപ്പിക്കാം. തുടർന്ന് പോരായ്മകൾ പരിഹരിക്കുന്നതിനായി സർവ്വകലാശാലയിൽ എത്തിച്ചേരേണ്ട ദിവസവും മറ്റ് വിശദാംശങ്ങളും അപേക്ഷകരെ ഇ-മെയിൽ മുഖാന്തിരം അറിയിക്കുകയും 'സ്പെഷ്യൽ ഡ്രൈവിൽ' പോരായ്മകൾ പരിഹരിക്കുന്ന അപേക്ഷകർക്ക് കാലതാമസമില്ലാതെ ബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്യുന്നതാണ്.

(പി.ആർ.ഒ./39/1055/2022)

## അപേക്ഷാ തീയതി

ഒന്ന്, രണ്ട് സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ - എം.എ./ എം.എസ്.സി./ എം.കോം. (2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്) ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് നാല് വരെയും പിഴയോടു കൂടി ആഗസ്റ്റ് ഒൻപത് വരെയും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 11 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1056/2022)

നാലാം സെമസ്റ്റർ എം.എ./ എം.എസ്.സി./ എം.കോം./ എം.സി.ജെ./ എം.റ്റി.എ./ എം.എച്ച്.എം./ എം.എം.എച്ച്./ എം.റ്റി.റ്റി.എം./ എം.എസ്.ഡബ്ല്യു. (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി) - സി.എസ്.എസ്. ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 10 മുതൽ 12 വരെയും പിഴയോടു കൂടി ആഗസ്റ്റ് 16 മുതൽ 17 വരെയും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 19 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്്സൈറ്റിൽ.

(പി.ആർ.ഒ./39/1057/2022)

## പ്രാക്ടിക്കൽ പരീക്ഷ

ആറാം സെമസ്റ്റർ ബി.എസ്.സി. ഫിസിക്സ് (2013-2016 അഡ്മിഷൻ - റീ-അപ്പിയറൻസ്) ഏപ്രിൽ 2022 ബിരുദ പരീക്ഷയുടെ പ്രോജക്ട്, വൈവാ വോസി പരീക്ഷകൾ ആഗസ്റ്റ് അഞ്ചിന് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1058/2022)

രണ്ടാം സെമസ്റ്റർ ബി.വോക് സ്പോർട്ട്സ് ന്യൂട്രീഷൻ ആൻഡ് ഫിസിയോതെറാപ്പി (പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലർ / 2019, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ്/ ഇംപ്രൂവ്മെന്റ്) ജൂൺ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് അഞ്ച്, പത്ത് തീയതികളിൽ പാലാ അൽഫോൺസാ കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1059/2022)

## പരീക്ഷാ ഫലം

2020 ഡിസംബറിൽ നടന്ന ബി.ടെക്. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് സെമസ്റ്റർ (2010 അഡ്മിഷൻ മുതൽ - സപ്ലിമെന്ററി / മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം ആഗസ്റ്റ് 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1060/2022)

2022 മെയ് മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.ബി.എ. / ബി.സി.എ. / ബി.ബി.എം. / ബി.എഫ്.ടി. / ബി.എസ്.ഡബ്ല്യു. / ബി.ടി.ടി.എം. (2019 അഡ്മിഷൻ - സ്പെഷ്യൽ സപ്ലിമെന്ററി) (മോഡൽ III - ന്യൂ ജനറേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ആഗസ്റ്റ് 16 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1061/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**